"ഭരണഭാഷ — മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് — ജീവനകാര്യം — വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ശംഭു.കെ — യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2397/2024/LSGD തീയതി, തിരുവനന്തപുരം, 08-12-2024

പരാമർശം:—

1. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.10.2007ലെ എ1-01/06 നമ്പർ നടപടിക്രമം
2. 23.08.2012 തീയതിയിലെ സ.ഉ. (പി) നം. 42/2012/പി&എആർഡി നമ്പർ ഉത്തരവ്
3. 25.07.2018 ലെ റൂൾസ് 1/235/18 നമ്പർ സർക്കുലർ
4. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 04.04.2022ലെ ഡിഡിപി-ഡബ്ല്യൂ.വൈ. ഡി /629/2021-എ2 നമ്പർ നടപടിക്രമം
5. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.11.2022ലെ ഡിഡിപി-ഡബ്ല്യൂ.വൈ. ഡി /629/2021-എ2 നമ്പർ നടപടിക്രമം
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.06.2024ലെ LSGD/PD/10893/2023-DEC4 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ശംഭു.കെ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിന് ശിപാർശ ചെയ്ത് പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽ 10/02/2005 ന് ക്ലർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ശംഭു.കെ-യുടെ നിയമനം പരാമർശം ( 1 ) പ്രകാരം ക്രമവത്കരിച്ചിട്ടുണ്ടെന്നും അന്തർജില്ലാ സ്ഥലംമാറ്റം മുഖേന 22.04.2008 തീയതി മുതൽ വയനാട് ജില്ലയിൽ സേവനത്തിൽ പ്രവേശിച്ച ടിയാൾ പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന 55 ദിവസത്തെ അവധി എടുത്തതിനാൽ പരാമർശ (2) ഉത്തരവ് പ്രകാരം ടിയാളുടെ പ്രൊബേഷൻ പൂർത്തീകരിക്കുന്നത് 15.06.2010 തീയതിയിലാണെന്നും, ടിയാൾ യഥാസമയം വകുപ്പുതല പരീക്ഷ പസാകാതിരുന്നതിനാൽ ടിയാളുടെ പ്രൊബേഷൻ കാലയളവ് 16.06.2010 തീയതി മുതൽ 1 വർഷത്തേയ്ക്ക് പരാമർശം (5) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ടെന്നും, ശ്രീ. ശംഭു.കെ 50 വയസ്സ് പൂർത്തീകരിച്ചതിനെ തുടർന്ന്(ജനനത്തീയതി 07.01.1970), പരാമർശം ( 4 ) പ്രകാരം ടിയാനെ നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ടെന്നും ആയതിനാൽ ശ്രീ ശംഭു.കെ-യുടെ പ്രൊബേഷൻ ടിയാന് 50 വയസ് പൂർത്തിയായ 07/01/2020 തീയതി പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിന് വേണ്ടി ടിയാളുടെ പ്രൊബേഷൻ കാലയളവ് 16/06/2011 മുതൽ 08/01/2020 വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ